(ബി) പ്രസ്തുത നടപടി ഏതെല്ലാം ജയിലുകളിൽ നടന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) മേൽ നടപടി ഭരണാനുകൂല ജീവനക്കാർ എതിർപക്ഷക്കാർക്കെതിരെ വ്യക്തിവിരോധം തീർക്കുന്നതിന് ഉപയോഗപ്പെടുത്താൻ ശ്രമിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) 2014 ജനുവരി 26-ന് തലശ്ശേരി സബ്ജയിലിൽ ഇപ്രകാരമുള്ള ശ്രമം നടത്തിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. നിയമവിരുദ്ധവും അനധികൃതവുമായ കാര്യങ്ങൾ ജയിലുകളിൽ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി കർശന നിർദ്ദേശം നൽകിക്കൊണ്ട് ഡയറക്ടർ ജനറൽ ഓഫ് പോലീസ് (പ്രിസൺസ്) സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ നിർദ്ദേശം നൽകുന്നതിന് മന്ത്രിയുടെ അനുവാദം ആവശ്യമില്ല.

(ബി) കേരളത്തിലെ എല്ലാ ജയിലുകൾക്കും പ്രസ്തുത സർക്കുലർ ബാധകമാണ്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

ഭേദഗതിയോടുകൂടിയ പ്രിസൺസ് മാനുവലിന്റെ പകർപ്പ്

228 (6378) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഏറ്റവും പുതിയ ഭേദഗതികളോടു കൂടിയ കേരള പ്രിസൺസ് മാനുവലിന്റെ പകർപ്പ് ലഭ്യമാണോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

1981-ൽ പ്രസിദ്ധീകരിച്ച കേരള പ്രിസൺസ് മാനുവൽ, ഭേദഗതി വരുത്തി പ്രസിദ്ധീകരിച്ചിട്ടില്ല.

2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉൾക്കൊള്ളിക്കുന്നു.*

താമരശ്ശേരിയിൽ ആധുനിക രീതിയിലുള്ള ജയിൽ സ്ഥാപിക്കൽ

229 (6379) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊടുവള്ളി മണ്ഡലത്തിലെ താമരശ്ശേരിയിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ജയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ജയിൽ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കാൻ തയ്യാറായ സാഹചര്യത്തിൽ നടപടി പൂർത്തീകരിച്ച് ജയിൽ യാഥാർത്ഥ്യമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly